ആരെയും നിയമിക്കാതെ ആ സമയത്ത് ഇൻറർവ്യൂവിൽ പങ്കെടുക്കാതെ വിദേശത്തായിരുന്ന ഒരാളെ ഇവിടെ വന്ന സമയത്ത് ഇൻറർവ്യൂ നടത്തി നിയമിക്കുകയും ചെയ്തതിൻെറ പിന്നിൽ നഗ്നമായ അഴിമതിയുണ്ടെന്ന് ആരോപിച്ചാൽ അതു നിഷേധിക്കാൻ കഴിയുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: തീർച്ചയായും നിഷേധിക്കാൻ കഴിയും.

മന്ത്രിമാർ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നില്ല എന്ന ആക്ഷേപം

* 549 [584] ശ്രീ. ഈപ്പൻ കണ്ടക്കുടി:

,, കെ.വി. കുര്യൻ:

,, വി.ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാതലത്തിൽ മന്ത്രിമാർ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ, ബി) ലഭ്യമായ വിവരമനുസരിച്ച് ഇത്തരം കേസ് സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടുതൽ വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. ഈപ്പൻ കണ്ടക്കുടി: ഈ സഭാതലത്തിൽ മന്ത്രിമാർ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: തീർച്ചയായും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഈപ്പൻ കണ്ടക്കുടി: ഈ സഭാതലത്തിൽ അംഗങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രിമാർ ഉറപ്പു നൽകുകയും ആ ഉറപ്പുകളുടെ അടിസ്ഥാനത്തിൽ അന്വേഷണമോ മറ്റു കാര്യങ്ങളോ നടക്കുകയും ചെയ്യുകയാണെങ്കിൽ അതിൻെറ വിവരം ബന്ധപ്പെട്ട അംഗങ്ങളെ അറിയിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അങ്ങനെ ചെയ്യാവുന്നതാണ്.

ശ്രീ. വി.ജെ. ജോസഫ്: ഈ നിയമസഭാതലത്തിൽ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നുണ്ടോയെന്നു അന്വേഷിക്കുന്നതിനും അതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ഈ സഭയുടെതന്നെ ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അതിൻെറ വിശദാംശങ്ങൾ ഇപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. വി.ജെ. ജോസഫ്: 1972-ൽ സഭയുടെ മുമ്പിൽ 487 ഉറപ്പുകൾ നൽകിയതായിട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലുണ്ട്. അതിൽ 34 എണ്ണത്തിന് മറുപടിപോലും ഇതുവരെയായിട്ട് ഗവൺമെൻറിൻെറ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്ന കാര്യത്തെസംബന്ധിച്ച് ഗൗരവപൂർവ്വം അന്വേഷിക്കാൻ തയ്യാറാകുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. സേവ്യർ അറയ്ക്കൽ: 1978-79-ൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പറഞ്ഞു പത്തുശതമാനം നികുതി വയ്ക്കുന്നത് ഒരുകൊല്ലത്തേക്കു വേണ്ടിമാത്രമാണെന്ന്. ഇപ്പോഴും പറയുന്നു ആ പത്തുശതമാനം നില നിൽക്കുന്നു എന്ന്. അതുതന്നെ ഒരു വാഗ്ദാനലംഘനമല്ലേ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ സഭയുടെ മുൻപിൽ ഒരു അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. അത് അംഗീകരിച്ചാലേ നിയമമാകുകയുള്ളു.

ശ്രീ. എം.വി. രാഘവൻ: മന്ത്രിമാർ നൽകുന്ന ഉറപ്പ് പാലിക്കാതിരുന്നാൽ അവരെ നിയമസഭാതലത്തിൽ വിളിച്ചു വരുത്തി പ്രോസിക്യൂട്ടുചെയ്യാൻ സ്പീക്കർ വ്യവസ്ഥയുണ്ടാക്കുമോ?

(ഉത്തരമില്ല)

ജില്ലാ ആഫീസുകളിൽ ടെലിഫോൺ സൗകര്യം

* 550 [585] ശ്രീ. ഒ. ലൂക്കോസ്:

,, ഡോക്ടർ ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിന്റെ ജില്ലാ ആഫീസുകളിൽ ടെലിഫോൺ സൗകര്യം ഇല്ലാതുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളുടെ;

(സി) ടെലിഫോൺ സൗകര്യമില്ലാത്ത ഈ ആഫീസുകളിൽ അവ ഏർപ്പെടുത്തുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) ഉണ്ട്.

(ബി) ലഭ്യമായ വിവരമനുസരിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട് ഡിപ്പാർട്ടുമെൻറ്, രാജ്യസൈനികബോർഡ്, ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെൻറ്, ഡയറി ഡെവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറ്, അനിമൽ ഹസ്ബെൻട്രി ഡിപ്പാർട്ടുമെൻറ്, ഹോമിയോപ്പതി ഡിപ്പാർട്ടുമെൻറ്, അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെൻറ്, മൈനിംഗ് ആൻഡ് ജിയോളജി ഡിപ്പാർട്ടുമെൻറ്, വെയിറ്റ്സ് ആൻഡ് മെഷേഴ്സ് ഡിപ്പാർട്ടുമെൻറ്, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ് എന്നീ പത്തു ഡിപ്പാർട്ടുമെൻറുകളുടെ ജില്ലാ ആഫീസുകളിൽ ടെലിഫോൺ സൗകര്യം ഇല്ലാതെയുണ്ട്. പൂർണ്ണവിവരം ശേഖരിച്ചുവരുന്നു.

(സി) ടെലിഫോൺ സൗകര്യം ആവശ്യമാണെന്നു കണ്ടാൽ അവ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. ഒ. ലൂക്കോസ്: ഈ പറയുന്ന ആഫീസുകളിൽ ആവശ്യമാണെന്നുകണ്ടാൽ ഏർപ്പെടുത്താമെന്നാണ് പറഞ്ഞത്. യാത്രക്കൂലിയൊക്കെ വളരെ വർദ്ധിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ പത്തൻപതു

LIBRARY ARCHIVES Kerala Legislative Assembly